**ഗ്രാമസഭകൾ വിളിച്ചുകൂട്ടാത്തതു കാരണം അയോഗ്യത കൽപ്പിക്കപ്പെട്ട ജനപ്രതിനിധികളെ രക്ഷിക്കുന്നതിനായി ഗാന്ധിജിയുടെ ഗ്രാമസ്വരാജിനെക്കുറിച്ച് വാചാലരാകുന്ന കോൺഗ്രസ്സുകാർ തന്നെ നിയമ നിർമാണം നടത്തുന്നതിന്റെ കാപട്യം തുറന്നുകാട്ടുന്നു**

**സണ്ണി പൈകട**

# നിയമലംഘകർ വേണ്ടി നിയമനിർമ്മാണമോ?

നിയമാനുസൃതം ഗ്രാമസഭകൾ വിളിച്ചുകൂടാത്തതുമൂലം അയോഗ്യത കല്പിക്കപ്പെട്ടവരും ഇനി അയോഗ്യരാക്കാൻ ഇടയുള്ളവരുമായ ജനപ്രതിനിധികളെ രക്ഷിക്കാൻ പഞ്ചായത്ത്‌രാജ് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഓർഡിനൻസ് ഇറക്കാൻ പോകുന്നു എന്ന വാർത്ത രാഷ്ട്രീയ കേരളത്തെ സംബന്ധിച്ചിടത്തോളം ലജ്ജാകരമാണ്. ഇത്തരമൊരു ഓർഡിനൻസ് മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരാനാണത്രെ നീക്കം. ഈ വാർത്ത പുറത്തുവന്നിട്ട് ആഴ്ചകൾ പലതും കഴിഞ്ഞെങ്കിലും ഭരണ-പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളിൽ നിന്നോ രാഷ്ട്രീയ നിരീക്ഷകരിൽ നിന്നോ സാമൂഹക സാംസ്കാരിക സംഘടനകളിൽ നിന്നോ ഈ നീക്കത്തിനെതിരെ എന്തെങ്കിലും പ്രതികരണമുണ്ടായതായി കാണുന്നില്ല ഇതിനേക്കാൾ അപ്രധാനമായ പല കാര്യങ്ങൾക്കും ഏറെ പ്രാധാന്യം ലഭിക്കുന്ന കേരളത്തൽ എന്തുകൊണ്ടോ ഈ വിഷയം ആരുടേയും സജീവ ശ്രദ്ധയിൽ വരാഞ്ഞത് അത്ഭുതകരമാണ്.

ജനാധ്യപത്യത്തിലെ പ്രശ്നങ്ങളെ കൂടുതൽ ജനാധിപത്യം കൊണ്ടാണ് നേരിടേണ്ടതെന്ന് പറയാറുണ്ട്. ഇത് മറിച്ചൊരു നീക്കമാണ്. ഇന്ത്യൻ പാർലമെന്റ് നടത്തിയ ആഭരണ ഘടനാ ഭേദഗതിയനുസരിച്ച് സംസ്ഥാനങ്ങളിൽ വേണ്ടിവന്ന പുതിയ പഞ്ചായത്ത് രാജ് നിയമ നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തേണ്ടിവന്ന ഒരു വ്യവസ്ഥയാണ് ഗ്രാമസഭകളുടെ രൂപീകരണം. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലാദ്യമായി ഭരണഘടനാപരമായ പിൻബലത്തോടെ വോട്ടർമാരുടെ ഒരു വേദി രൂപംകൊള്ളുകയാണ് അതുവഴിയുണ്ടാത്. ഈ രാജ്യത്തിന്റെ ഭാഗധേയം നിർണയിക്കേണ്ടവർ എന്ന ഉത്തരവാദിത്വത്തോടെയും അവകാശത്തോടെയും സ്വന്തം നാട്ടിലെ കാര്യങ്ങളെക്കുറിച്ച് ചെറിയതോതിലെങ്കിലും നാലുവാക്ക് സംസാരിക്കാനുള്ള അവസരം ജനങ്ങൾക്ക് കൈവന്ന നിയമപരമായി അസ്തിത്വമുള്ള വേദിയാണ് ഗ്രാമസഭ. ജനാധിപത്യത്തിൽ നിരന്തരം സംഭവിക്കേണ്ട ജനങ്ങളുടെ രാഷ്ട്രീയ ശാക്തീകരണത്തിന്റെ ദിശയിലുള്ള കരുത്തുള്ള ചുവടുവയ്പായിരുന്നു ഗ്രാമസഭകളുടെ രൂപീകരണം. ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥിതിക്ക് ചെറിയ തോതിൽ ഒരു ഗാന്ധിയൻ പ്രഭാവം നൽകാനുള്ള ശ്രമം കൂടിയായിരുന്നു അത്. ഭരണഘടനാ നിർമ്മാണ സഭയിൽ സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രീയക്രമം സംബന്ധിച്ച ഗാന്ധിയൻ സ്വപ്നങ്ങൾ പാടെ അവഗണിക്കപ്പെട്ടിരുന്നല്ലോ. ജനങ്ങളുടെ ശരിയായ രാഷ്ട്രീയ ശാക്തീകരണത്തിന് സഹായിക്കുന്ന സംവിധാനങ്ങൾക്ക് സമ്പ്രദായങ്ങൾക്കും വേണ്ടിയായിരുന്നല്ലോ ഗാന്ധിജി നി

ലകൊണ്ടത്.

ജനങ്ങളുടെ ശാക്തീകരണത്തെ ക്കാൾ ഭരണകൂടത്തിന്റെ ഭരിക്കുന്നവ രുടെ – ശാക്തീകരണത്തിൽ മാത്രം താല്പര്യമുണ്ടായിരുന്നവരെല്ലാം ഗ്രാമ സഭകളിൽ ഒളിഞ്ഞിരിക്കുന്ന ജനകീയ രാഷ്ട്രീയം വികാസം പ്രാപിക്കാതിരി ക്കാൻ തുടക്കം മുതലെ ഏറെ ജാഗ്രത പുലർത്തിയിരുന്നു. വഴിപാടുപോലെ മാത്രം ഗ്രാമസഭകൾ വിളിച്ചുകൂട്ടുക. വോട്ടർമാരെ ഗ്രാമസഭകൾ കൂടുന്ന കാര്യം അറിയിക്കുന്നതിൽ വീഴ്ച വ രുത്തുക, രേഖകളിൽ കൃത്രിമം കാണി ച്ച് കോറം തികയ്ക്കുക, ഗ്രാമസഭ ചർ ച്ചകളെ പഞ്ചായത്തിന്റെ ചില ആനു കൂല്യ വിതരണ വിഷയങ്ങളിൽ മാത്രം കുടുക്കിയിടുക, പഞ്ചായത്തിന്റെ വര വു ചിലവു കാര്യങ്ങൾ ഗ്രാമസഭക ളിൽ വ്യക്തമാക്കാതിരിക്കുക തുടങ്ങി യ സമീപനങ്ങളിലൂടെ ഗ്രാമസഭക ളിൽ ഒളിഞ്ഞിരിക്കുന്ന ജനകീയ രാഷ് ട്രീയം വികാസം പ്രാപിക്കാതിരിക്കാൻ തുടക്കം മുതലെ ഏറെ ജാഗ്രത പു ലർത്തിയിരുന്നു. വഴിപാടുപോലെ മാ ത്രം ഗ്രാമസഭകൾ വിളിച്ചുകൂട്ടുക, വോട്ടർമാരെ ഗ്രാമസഭകൾ കൂടുന്ന കാര്യം അറിയിക്കുന്നതിൽ വീഴ്ച വ രുത്തുക. രേഖകളിൽ കൃത്രിമം കാണി ച്ചു കോറം തികയ്ക്കുക, ഗ്രാമസഭ ചർച്ചകളെ പഞ്ചായത്തിന്റെ ചില ആ നുകൂല്യ വിതരണ വിഷയങ്ങളിൽ മാ ത്രം കുടുക്കിയിടുക, പഞ്ചായത്തിന്റെ വരവു ചിലവു കാര്യങ്ങൾ ഗ്രാമസഭക ളിൽ വ്യക്തമാക്കാതിരിക്കുക തുടങ്ങി യ സമീപനങ്ങളിലൂടെ ഗ്രാമസഭകൾക്ക് കരുത്തുണ്ടാവാതിരിക്കാൻ ബോധപൂർ വ്വമായ ശ്രമങ്ങളാണ് നടന്നത്. ഈ ശ്രമ ങ്ങളുടെ ഫലമായി ഗ്രാമസഭകൂടുന്നത് രാഷ്ട്രീയമായി ഒട്ടും പ്രാധാന്യമില്ലാ ത്ത ഒരു ചടങ്ങുമാത്രമായി ജനങ്ങൾ കരുതുന്ന ഒരു സാഹചര്യമുണ്ടായി.

ഇങ്ങനെയൊക്കെയാണെങ്കിലും മൂ ന്നുമാസത്തിലൊരിക്കൽ ഗ്രാമസഭ കൂ ടണമെന്ന വ്യവസ്ഥ നിലനിന്നതി നാൽ പേരിനെങ്കിലും ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ ജനപ്രതിനിധികൾ നിർബന്ധിതരായിരുന്നു. അങ്ങനെ കൂ ടുന്ന ഗ്രാമസഭകളിൽ വോട്ടർമാർക്ക് ആവശ്യമെന്നു തോന്നിയാൽ സംഘടി തമായ ഇടപെടാനുള്ള അവസരം നി ലനിന്നിരുന്നു. ഈ അവസരം ജന ങ്ങൾക്ക് ഉണ്ടായിരുന്നതിൽ അലോസ രമുള്ളവരാണ് ഇപ്പോൾ ഉണർന്നു പ്ര വർത്തിച്ച് ഗ്രാമസഭകളിലെ ജനങ്ങളു ടെ സാധ്യതകൾ കുറച്ചുകൊണ്ടുവ രാൻ ശ്രമിക്കുന്നത്.

**മൂന്നു മാസത്തിലൊരിക്കൽ തന്റെ വാർഡിലെ വോട്ടർമാരെ വിളിച്ചുകൂടി അവർക്കുമുന്നിൽ നിൽക്കാനുള്ള രാഷ്ട്രീയ കരുത്ത് പോലുമില്ലാത്തവർ എന്തിനാണ് ജനപ്രതിനിധികളായി തുടരുന്നത് എന്ന ചോദ്യം ആരും ഉയർത്താത്തതെന്തേ?**

ഗ്രാമസഭകൾ സമയത്ത് വിളിച്ചു കൂട്ടുന്നതിൽ വീഴ്ച വരുത്തിയ 39 പ ഞ്ചായത്തംഗങ്ങളെ അയോഗ്യരാക്കിയ സാഹചര്യം ചൂണ്ടിക്കാണിച്ചാണ് ഗ്രാമ സഭകളുടെ എണ്ണം പകുതിയായി കുറ യ്ക്കുന്ന ഓർഡിനൻസ് കൊണ്ടുവരു ന്നത്. അതനുസരിച്ച് ഒരു വർഷം നാ ലു ഗ്രാമസഭകൾക്കു പകരം രണ്ടു ഗ്രാമസഭകൾ വിളിച്ചുകൂട്ടിയാൽ മതി യാവുമത്രെ. നിയമപരമായ ഒരു ബാ ധ്യത പകുതയായി കുറഞ്ഞതിൽ ആ ശ്വസിക്കുന്നവരാകും പഞ്ചായത്ത് തല ജനപ്രതിനിധികളിലേറെയും. കുറെ പേർ നടത്തിയ ഒരു നിയമ ലംഘന ത്തെ മറികടക്കാൻ വളരെ അടിയന്തിര മായ മുൻകാല പ്രാബല്യത്തോടെ നി യമം കൊണ്ടുവരുന്നതിലെ രാഷ്ട്രീയ സദാചാരമില്ലായ്മപോലും രാഷ്ട്രീയ പ്രബുദ്ധതയുണ്ടെന്ന് പറയുന്ന ഈ കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

ഭരണപക്ഷത്തിനും പ്രതിപക്ഷ ത്തിനും ഒരു പോലെ താല്പര്യമുള്ള നിർവീര്യമാക്കൽ പ്രക്രിയയാണ് ഗ്രാമ സഭയുടെ കാര്യത്തിൽ സംഭവിക്കുന്ന ത്. നിയമസഭയിൽ ഇക്കാര്യത്തിനായി ബില്ല് അവതരിപ്പിച്ചാൽ പ്രതിപക്ഷ ത്തിന് ഒരു ചടങ്ങിനെങ്കിലും അതി നെ എതിർക്കേണ്ടി വരുമല്ലോ. അത് ഈ വിഷയം പൊതുസമൂഹത്തിൽ ചർച്ച ചെയ്യുന്നതിന് അവിടെയാകും. എന്നാൽ ഒരു ഓർഡിനൻസിലൂടെ ഈ മാറ്റം ആദ്യം കൊണ്ടു വരികയും പിന്നീട്; നിലവിൽ വന്നു കഴിഞ്ഞ ഒ രു കാര്യം എന്ന നിലയിൽ നിയമസഭ യുടെ അംഗീകാരം വാങ്ങുകയും ചെ യ്യുന്ന സൂത്രമാണിവിടെ പ്രയോഗി ക്കാൻ പോകുന്നത്. മഹാത്മഗാന്ധിയു ടേയും രാജീവ് ഗാന്ധിയുടെയും പേര് പഞ്ചായത്ത് രാജ് കാര്യത്തിൽ സ്ഥാന ത്തും അസ്ഥാനത്തും എടുത്തുപയോ ഗിക്കുന്ന കോൺഗ്രസ് ഭരണകൂടം ചെ യ്യാനോങ്ങുന്ന ഈ രാഷ്ട്രീയ പാതക ത്തോട് നിശബ്ദതകൊണ്ട് സഹകരി ക്കുന്ന നിലപാടാണ് ജനകീയാസൂത്ര ണത്തിന്റെ ആചാര്യനായി ഇഎംഎസി നെ വാഴ്ത്തിപ്പാടുന്ന കമ്മ്യൂണിസ്റ്റ് പ്ര തിപക്ഷം സ്വീകരിച്ചിരിക്കുന്നത്. എം. എൽഎമാരുടേയും എംപിമാരുടേയും അലവൻസുകളും പെൻഷനുകളും വർ ദ്ധിപ്പിക്കുന്ന കാര്യത്തിൽ പൊതുവെ കാണുന്ന യോജിപ്പാണ് ഇക്കാര്യത്തിൽ രണ്ടുപക്ഷത്തും പ്രകടമാവുന്നത്.

മൂന്നു മാസത്തിലൊരിക്കൽ തന്റെ വാർഡിലെ വോട്ടർമാരെ വിളിച്ചുകൂടി അവർക്കുമുന്നിൽ നിൽക്കാനുള്ള രാ ഷ്ട്രീയ കരുത്ത് പോലുമില്ലാത്തവർ എന്തിനാണ് ജനപ്രതിനിധികളായി തു ടരുന്നത് എന്ന ചോദ്യം ആരും ഉയർ ത്താത്തതെന്തേ? ഗ്രാമസഭകളിലൂടെ ജനങ്ങൾക്ക് ലഭ്യമായിരിക്കുന്ന പരിമി തമായ സാധ്യതകളെ നിയമം തെറ്റിച്ച ഏതാനും ജനപ്രതിനിധികൾക്കു വേ ണ്ടി വീണ്ടും പരിമിതപ്പെടുത്തുകയല്ല വേണ്ടത്. ഗ്രാമസഭകളെ കൂടുതൽ അർത്ഥവത്താക്കാനുള്ള നടപടികളെ ടുക്കുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. ഉദാഹരണത്തിന് ഭൂമിശാസ് ത്രപരമായ സൗകര്യമനുസരിച്ച് പ ത്തോ ഇരുപതോ കുടുംബങ്ങളിലെ വോട്ടർമാർ ഉൾപ്പെടുന്ന അയൽകൂട്ടങ്ങ ളിൽ നിന്ന് ഒരു പുരുഷനേയും സ്ത്രീ യേയും പ്രതിനിധികളായി തിരഞ്ഞെ ടുത്തുകൊണ്ടും ഒരു പ്രവർത്തക സ മിതി രൂപീകരിച്ചു കൊണ്ടും ഗ്രാമസഭ കളെ ഫലപ്രദമാക്കാൻ കഴിയും. പ്ര ത്യേകിച്ചും ജലംപോലുള്ള അടി സ്ഥാന പ്രകൃതി വിഭവങ്ങൾ സംര ക്ഷിക്കുന്ന കാര്യത്തിൽ ഗ്രാമസഭകൾ ക്ക് അധികാരം നൽകണമെന്ന് പറ യുന്ന പ്ലാച്ചിമട സമരത്തിന്റെയും സാ മൂഹിക തിന്മയായ മദ്യം നിയന്ത്രിക്കു ന്ന കാര്യത്തിൽ ഗ്രാമസഭയ്ക്കും പ ഞ്ചായത്തുകൾക്കും അധികാരം നൽ കണമെന്ന ആവശ്യമുന്നയിച്ച് കേരള മദ്യനിരോധന സമിതി നടത്തി വരു ന്ന സമരത്തിന്റെയും പശ്ചാത്തല ത്തിൽ ഗ്രാമസഭകളെ ഫലപ്രദമാക്കാ നുള്ള ഏതൊരു ശ്രമത്തിനും വലിയ സാമൂഹിക പ്രാധാന്യമുണ്ട്. അതി നൊന്നും തയ്യാറാവാതെ ഗ്രാമസഭകളു ടെ കഴുത്തുഞെരിക്കുന്ന സംസ്ഥാന സർക്കാരിന്റെ നീക്കം തടയപ്പേടേണ്ട താണ്.